പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4456 — 17.05.2017 ൽ മറുപടിയ്ക്ക്

സൂപ്പർമാർക്കറ്റുകളും ആധുനീകരിച്ച മാവേലി സ്റ്റോറുകളും ആരംഭിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൂപ്പർമാർക്കറ്റുകളും ആധുനീകരിച്ച മാവേലി സ്റ്റോറുകളും ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് പുതിയ സൂപ്പർ മാർക്കറ്റുകളും, ആധുനീകരിച്ച മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് പ്രത്യേകിച്ച് പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല. നിലവിൽ കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ളതും പാർക്കിംഗ്, ഗതാഗതം, ടോയ് ലെറ്റ് സൗകര്യങ്ങളുമുള്ള മെച്ചപ്പെട്ട കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിക്കുന്നത്. കൂടാതെ 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം ലഭ്യമാക്കി സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിച്ചുവരുന്നു. |
| (ബി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ഇടപ്പോൺ ജംഗ്ഷനിൽ പുതിയ സൂപ്പർമാർക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പഞ്ചായത്തിൽ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ